**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2232 | | 23.03.2012 -ൽ മറുപടിയ്ക്ക് |
|---|---|---|
| **വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ** | | |
| **ചോദ്യം** | | **ഉത്തരം** |
| **ശ്രീ. എം.വി.ശ്രേയാംസ് കുമാർ** | | **ഡോ. എം.കെ.മുനീർ<br>( പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) | സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുമായി സഹകരിച്ച് ഗുണഭോക്താവിന് വായ്പാ തിരിച്ചടവ് തൊട്ടടുത്ത ബാങ്കിന്റെ ശാഖയിൽ നടത്തുന്നതിനുള്ള സംവിധാനം കോർപ്പറേഷൻ ഏർപ്പെടുത്തുന്നതാണ്. വനിതകൾക്ക് വൈവിധ്യമാർന്ന സേവനം സമയബന്ധിതമായി സുതാര്യതയോടെ നൽകുവാൻ കോർപ്പറേഷന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് മുഴുവൻ പ്രവർത്തനവും കമ്പ്യൂട്ടറൈസ് ചെയ്യുന്നതാണ്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത കോർപ്പറേഷൻ നടപ്പാക്കിയ ഫ്ളാഗ്ഷിപ്പ് പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; ആയതിന്റെ നേട്ടങ്ങൾ എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ | (ബി) കോർപ്പറേഷൻ നടപ്പാക്കിയ ഫ്ളാഗ് ഷിപ്പ് പരിപാടികളും ആയതിന്റെ നേട്ടങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി) | വനിതാ വികസന കോർപ്പറേഷൻ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാ മെന്ന് വിശദമാക്കുമോ? | (സി) വനിതാ വികസന കോർപ്പറേഷൻ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ജെണ്ടർ ബഡ്ജറ്റിംഗ്<br>2. വനിതാ വിവര കേന്ദ്രങ്ങൾ<br>3. എല്ലാ ജില്ലകളിലും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ.<br>4. കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുമായി സഹകരിച്ച് ഗുണഭോക്താവിന് വായ്പാ തിരിച്ചടവ് തൊട്ടടുത്ത ബാങ്കിന്റെ ശാഖയിൽ നടത്തുന്നതിനുള്ള സംവിധാനം.<br>4. കോർപ്പറേഷന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് മുഴുവൻ പ്രവർത്തനവും കമ്പ്യൂട്ടറൈസ് ചെയ്യുക. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# വനിത വികസന കോർപ്പറേഷൻ നടപ്പാക്കിയ ഫ്ളാഗ് ഷിപ്പ് പരിപാടി കളും ആയതിന്റെ നേട്ടങ്ങളും

## ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ഫിനിഷിംഗ് സ്കൂൾസ് ആന്റ് എംപ്ലോയ്മെന്റ്

കേരളീയ വനിതകൾ വിദ്യാസമ്പന്നരാണെങ്കിലും തൊഴിൽ മേഖലയിൽ ഇവരുടെ പ്രാതിനിധ്യം താരതമ്യേന കുറവാണ്. തൊഴിൽ നേടാൻ ആവശ്യമായ ചില ഗുണങ്ങളുടെ അഭാവം ഇവരിൽ കണ്ടുവരുന്നുണ്ട്. ആശയവിനിമയം, പെഴ്സണാലിറ്റി ഡവലപ്മെന്റ്, സാങ്കേതിക തൊഴിൽ നൈപുണ്യം എന്നിവ മെച്ചപ്പെടുത്തുന്നതിനും, തൊഴിൽ മേഖലയിൽ നിലവിലുള്ള ആവശ്യങ്ങൾക്കനുസരിച്ച് വനിതകളെ പ്രാപ്തരാക്കത്തവിധം പരിശീലനം നൽകിയിട്ടുണ്ട്.

## ബാംബൂമാറ്റ് മേക്കിംഗ്

ബാംബൂ ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പരമ്പരാഗത ബാംബൂമാറ്റ് നെയ്ത്ത് തൊഴിലാളികളെ സംഘടിപ്പിച്ച് കമ്മ്യൂണിറ്റി ബാംബൂ മാറ്റ് മേക്കിംഗ് സെന്ററുകൾ സ്ഥാപിക്കുകയും ബാംബൂ മാറ്റ് നിർമ്മാണം യന്ത്രവൽക്കരിക്കുക വഴി പരമ്പരാഗത തൊഴിലാളികൾക്ക് കൂടുതൽ വേതനം ഉറപ്പാക്കുന്ന പദ്ധതിയാണ് ഇത്. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 500 സ്ത്രീകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.

## വനിതാ ഐ.റ്റി.ഐ- കളിൽ ഫിനിഷിംഗ് സ്കൂളുകൾ

കൊല്ലം വിമൻസ് ഐ.റ്റി.ഐ യിലെ അവസാന വർഷ വിദ്യാർത്ഥിനികൾക്കായി ഒരു ഫിനിഷിംഗ് സ്കൂൾ ആരംഭിയ്ക്കുകയും പ്രസ്തുത ഫിനിഷിംഗ് സ്കൂൾ മുഖേന 200 ൽ അധികം വിദ്യാർത്ഥിനികൾക്ക് പ്രയോജനം ലഭിയ്ക്കുകയും ചെയ്തു.

## ഹാൻഡ്‌ലൂം വീവിംഗ് ആന്റ് ഡിസൈൻ

കൈത്തറി മേഖലയിലെ പരമ്പരാഗത വനിതാ തൊഴിലാളികൾക്ക് അവരുടെ ഉൽപ്പന്നം മെച്ചപ്പെടുത്താനും അതുവഴി വിപണന സാധ്യതകൾ വിപുലീകരിക്കാനും കേന്ദ്രസർക്കാരിന്റെ തിരുവനന്തപുരത്തുള്ള അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈനിംഗ് സെന്റർ (എ.റ്റി.ഡി.സി) യുമായി ചേർന്ന് 100 സ്ത്രീകൾക്ക് പരിശീലനം നൽകുകയുണ്ടായി.

## ട്രെയിനിംഗ് ഇൻ ലൈറ്റ് ആന്റ് ഹെവി വെഹിക്കിൾ ഡ്രൈവിംഗ്

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 200 സ്ത്രീകൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഓട്ടോറിക്ഷാ, ടൂ വീലർ, വാൻ, കാർ, ജീപ്പ് തുടങ്ങിയവയിൽ ഡ്രൈവിംഗ് പരിശീലനം നൽകുകയുണ്ടായി.

**<u>ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ഗുഡ്സ് & മൊബൈൽ ഫോൺ റിപ്പയറിംഗ്</u>**

ഐ.റ്റി.സി/ഐ.റ്റി.ഐ/വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾ പൂർത്തിയാക്കിയ സ്ത്രീകൾക്ക് മുൻഗണന കൊടുത്താണ് ഈ പദ്ധതി നടപ്പിലാക്കിയത്. 4.75 ലക്ഷം രൂപ ഇതിലേക്കായി ഗവൺമെന്റ് നൽകിയിട്ടുണ്ട്. കിറ്റ്കോ-യുമായി ചേർന്ന് ഈ പദ്ധതി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി 100 വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകുകയുണ്ടായി.

**<u>മൾട്ടിപ്പിൾ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം</u>**

കാർപ്പെന്ററി, അലൂമിനിയം ഫാബ്രിക്കേഷൻ, ബെഡ് സൈഡ് അസിസ്റ്റന്റ്, പ്ലംബിംഗ്, പേപ്പർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലകൾക്ക് മുൻതൂക്കം നൽകി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ആലപ്പുഴ, വയനാട്, കാസർഗോഡ് ജില്ലകളിൽ ഏകദേശം 100 സ്ത്രീകൾക്ക് പരിശീലനം കിറ്റ്കോ മുഖേന നൽകാൻ ഈ പദ്ധതി മുഖേന കഴിഞ്ഞിട്ടുണ്ട്. 5 ലക്ഷം രൂപ ഇതിലേക്കായി ഗവൺമെന്റ് നൽകിയിട്ടുണ്ട്.

**<u>പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം</u>**

ഗവൺമെന്റ്/ എയിഡഡ് കോളേജുകളിൽ നിന്നും കോഴ്സ് പൂർത്തിയാക്കുന്ന പെൺകുട്ടികൾക്ക് തൊഴിൽ ഉറപ്പുവരത്തക്ക രീതിയിൽ അവരെ പ്രാപ്തരാക്കുകയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വ്യക്തിത്വ വികസനം, ആശയവിനിമയപാടവം എന്നിവയിലാണ് ട്രെയിനിംഗ് നൽകുന്നത്. 1000 വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്. 10.95 ലക്ഷം രൂപ ഇതിലേക്കായി ഗവൺമെന്റ് നൽകിയിരുന്നു.

**<u>ഗോൾഡ് ക്രാഫ്റ്റിംഗ് ആന്റ് ജ്വല്ലറി ഡിസൈനിംഗ്</u>**

തൃശ്ശൂർ ജില്ലയിലെ കേന്ദ്ര സർക്കാർ അംഗീകൃത 'സ്ഥാപനമായ സ്മോൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്' (സിസി)-യുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 50 വനിതകൾക്ക് സ്വർണ്ണ ജ്വല്ലറി ഡിസൈനിംഗിൽ പരിശീലനം നൽകിയിട്ടുണ്ട്. 4 ലക്ഷം രൂപ ഇതിലേക്കായി ഗവൺമെന്റ് നൽകിയിട്ടുണ്ട്.

**<u>ഹോട്ടൽ മാനേജ്മെന്റ്, റെസ്റ്റോറന്റ് & കൗണ്ടർ സർവ്വീസ്</u>**

കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ കിറ്റ്കോ മുഖേന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 വനിതകൾക്ക് ഹോട്ടൽ മാനേജ്മെന്റ്, റെസ്റ്റോറന്റ്, കൗണ്ടർ സർവ്വീസ് എന്നിവയിലായി പരിശീലനം നൽകിയിട്ടുണ്ട്. 4.25 ലക്ഷം രൂപ ഇതിലേക്കായി ഗവൺമെന്റ് നൽകിയിട്ടുണ്ട്.

**<u>പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH</u>**

കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി സർക്കാർ മേഖലയിലുള്ള ഇന്ത്യയിൽ തന്നെ ആദ്യത്തെ ഫിനിഷിംഗ് സ്കൂളാണ് REACH-റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്. REACH ലെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സജ്ജീകരണങ്ങൾക്കുള്ള അംഗീകാരമായി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. പ്രവർത്തനം തുടങ്ങി മൂന്ന് മാസ

ങ്ങൾക്കുള്ളിൽ തന്നെ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്ന സംസ്ഥാനത്തെ ഏക പൊതുമേഖലാ സ്ഥാപനമാണ് REACH. വിവിധ കോഴ്സുകൾക്ക് പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചാണ് അപേക്ഷ ക്ഷണിക്കുന്നത്. ഇപ്പോൾ തിരുവനന്തപുരത്ത് ഒരു സെന്ററും, കണ്ണൂർ പിലാത്തറയിൽ ഒരു സെന്ററുമാണ് REACH ഉള്ളത്.

<u>എൻ.ഐ.ഐ.റ്റി മുഖാന്തിരം 100% തൊഴിലുറപ്പ് നല്കുന്ന പലിശ രഹിത വായ്പാ പദ്ധതി</u>

എൻ.ഐ.ഐ.റ്റി.യിലെ ബാങ്കിംഗ് കോഴ്സുകളിൽ ചേരുവാൻ താല്പര്യപ്പെടുന്ന കുട്ടികൾക്കായി പലിശ രഹിത വായ്പാ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥിനികൾക്ക് 100% ജോലി ഉറപ്പു നൽകുന്നു. വിവിധ കോഴ്സുകൾക്ക് പത്രക്കുറിപ്പ് പ്രസിദ്ധീകരിച്ചാണ് അപേക്ഷ ക്ഷണിക്കുന്നത്.

<u>കരിയർ ഗൈഡൻസ് പ്രോഗ്രാം</u>

+2 വിദ്യാഭ്യാസം പൂർത്തിയാക്കിയിറങ്ങുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് തങ്ങളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ചുള്ള ജോലി നേടുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നു. കൂടാതെ ഇന്റർവ്യൂ അഭിമുഖീകരിക്കേണ്ടവിധം, ഇന്റർവ്യൂവിൽ ചോദിക്കുന്ന ചോദ്യങ്ങളും അവയ്ക്ക് ഉത്തരം പറയേണ്ട രീതിയും, വനിതകൾക്ക് മാത്രം അപേക്ഷിക്കാവുന്ന വിവിധ സ്കോളർഷിപ്പുകൾ, ഓരോ ജോലിയിലും ചെയ്യേണ്ടിവരുന്ന കാര്യങ്ങൾ തുടങ്ങിയവയും ഈ സെമിനാറിൽ വിശദമായി പ്രതിപാദിച്ചു. സംസ്ഥാനത്തെ വടക്കൻ ജില്ലകളിലെ 120 തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലാണ് ഇത് നടപ്പിലാക്കിയത്.

<u>ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെണ്ടർ അവയർനെസ്സ് പ്രോഗ്രാം</u>

**1) വീഡിയോ പ്രോഗ്രാം ഫോർ അഡോളസന്റ് ഗേൾസ്**

2009 ഫെബ്രുവരിയിൽ ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ ഡയറക്ടർ ഡോ. എം.കെ.സി. നായരുടെ നേതൃത്വത്തിൽ പ്രഗദ്ഭരുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും സ്ക്രിപ്റ്റ് തയ്യാറാക്കി ഒരു വീഡിയോ പ്രോഗ്രാമിന്റെ ചിത്രീകരണം നടത്തുവാനും സാധിച്ചു. ബോധവത്ക്കരണത്തിന്റെ ഭാഗമായി കൗമാരക്കാരായ പെൺകുട്ടികൾക്ക് വേണ്ടി ഒരു ഡോക്യുമെന്ററി സംസ്ഥാന ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് നിർമ്മിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 28 സ്കൂളുകളിൽ (ഓരോ ജില്ലയിൽ നിന്നും രണ്ട് റൂറൽ സ്കൂൾ) പ്രദർശിപ്പിയ്ക്കുകയും ചെയ്തു. കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിലെ സ്കൂളുകൾ വഴി ഇത് പ്രദർശിപ്പിക്കുവാനും ഇതിന്റെ സി.ഡി. സംസ്ഥാനത്ത് ഉടനീളമുള്ള പെൺകുട്ടികളിൽ എത്തിക്കുവാനും കോർപ്പറേഷന് സാധിച്ചു.

2) <u>ജെണ്ടർ അവയർനെസ്സ് പരിശീലനവും സെമിനാറും</u>

ലിംഗ അവബോധം ലക്ഷ്യമിട്ട് സംസ്ഥാനത്തെ നാൽപതു വനിതാ കോളേജുകളിൽ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഡോക്യുമെന്ററി പ്രദർശനമടക്കമുള്ള അവബോധ പദ്ധതികൾ നടപ്പിലാക്കുന്നു. വനിതകൾക്ക് വിവിധ തരത്തിലുള്ള ജെണ്ടർ ബോധവൽക്കരണ പരിപാടികളും ജെണ്ടർ ബോധവത്ക്കരണ സെമി

നാറുകളും സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്തുന്നു. സമൂഹത്തിൽ ലിംഗ ഭേദ ബോധവൽക്കരണം നടത്തുന്നതിനായി വനിതാ വികസന കോർപ്പറേഷൻ ഇരുപതു വിദ്യാർത്ഥിനികളുടെ സംഘത്തെ തെരഞ്ഞെടുത്ത് വിദഗ്ധ പരിശീലനം നൽകുന്നു. ഇപ്രകാരം തെരഞ്ഞെടുത്ത വിദ്യാർത്ഥിനികളെ ഭാവിയിൽ വനിതാ വികസന കോർപ്പറേഷന്റെ ബോധവൽക്കരണ പരിപാടികളിൽ പ്രയോജനപ്പെടുത്തുന്നതുമായിരിക്കും. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനും ദർപ്പണ അക്കാദമിയുമായി സഹകരിച്ചാണ് വീഡിയോ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. പ്രസിദ്ധ നർത്തകിയും സാമൂഹ്യപ്രവർത്തകയും, ദർപ്പണ അക്കാദമി ഡയറക്ടറുമായ ഡോ.മല്ലികാ സാരാഭായോടൊപ്പം പ്രസിദ്ധ നിയമോപദേശകയായ ഡോ. ജാൻസി ജോസും നാൽപതു കോളേജിലെയും സെമിനാറിൽ പങ്കെടുക്കും. ടീനേജ് പെൺകുട്ടികളുടെ പ്രധാനപ്പെട്ട പ്രശ്നങ്ങളായ ലൈംഗിക ചൂഷണം, സൈബർ കുറ്റകൃത്യങ്ങൾ, മാനസിക സംഘർഷം, അപകർഷതാബോധം, വിവാഹപൂർവ്വ ബോധവത്ക്കരണം, ലിംഗഭേദ പ്രശ്നങ്ങൾ എന്നിവയിലേക്ക് ഒരു കൈതാങ്ങ് കൊടുക്കുക എന്നതാണ് ഈ വീഡിയോ പ്രദർശനം കൊണ്ടും ചർച്ചകൾ കൊണ്ടും കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. 'ഉണർത്തുപാട്ട്' എന്ന പേരിലുള്ള ഡോക്യുമെന്ററി സംവിധാനം ചെയ്തിരിക്കുന്നത് ദർപ്പണ കമ്മ്യൂണിക്കേഷൻസ് തലവനായ യാദവൻ ചന്ദ്രനാണ്. നാൽപതു വനിതാ കോളേജുകളിൽ ഈ പരിപാടി അവതരിപ്പിക്കുന്നതിലൂടെ ഉദ്ദേശം 10,000 വിദ്യാർത്ഥിനികൾക്ക് പ്രയോജനം കിട്ടുന്നതാണ്.

3) <u>വനിതകൾക്കുള്ള കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂം</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുസ്ഥലങ്ങളിൽ വനിതകൾക്കു വേണ്ടി കംഫർട്ട് സ്റ്റേഷൻ കം റിട്ടയറിംഗ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ഹാബിറ്റാറ്റ് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. വനിതാ സംരംഭകർ/സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.